LIBRARY ARCHIVES Kerala Legislative Assembly

## നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

96 (481) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കി നാല് വർഷം കഴിഞ്ഞിട്ടും സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം ഉയർത്താൻ സാധിക്കാത്തതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ കഴിഞ്ഞ അഞ്ച് വർഷത്തെ നികുതി പിരിവിൽ (ജി.എസ്.ടി. ഉൾപ്പടെ) 2016-17, 2017-18 വർഷങ്ങളിൽ മാത്രമെ നികുതി പിരിവിൽ കുറവുണ്ടായിട്ടുള്ളൂ. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരം 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കിയുള്ള നികുതി വരുമാനം (protected revenue) കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ ദേശീയ തലത്തിലുള്ള ജി.എസ്.ടി. വരുമാന വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിലും ജി.എസ്.ടി. വരുമാന വർദ്ധനവുണ്ടാകുന്നുണ്ട്. നിലവിലെ കോവിഡ് ലോക്ക്ഡൗൺ സാഹചര്യങ്ങൾ നികുതി പിരിവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന് താങ്ങാവുന്നതിനുമപ്പുറം വായ്പകൾ എടുക്കുന്ന നടപടി സംസ്ഥാന സമ്പദ്ഘടനയ്ക്ക് ദീർഘകാല ആഘാതം സൃഷ്ടിക്കും എന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; വ്യക്തമാക്കാമോ;

(സി) കിഫ്ബിവഴി സ്വീകരിച്ച വായ്പകളുടെ മൊറട്ടോറിയം വരും വർഷങ്ങളിൽ അവസാനിക്കാനിരിക്കെ ഇവയുടെ തിരിച്ചടവ് സംസ്ഥാന ഖജനാവിന് അധിക ബാധ്യതയാകുമോ; വ്യക്തമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും കർമ്മപരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ജി.എസ്.ടി.-യിൽ നികുതി ശൃംഖല വിപുലീകരിക്കുന്നതിനുവേണ്ടി വിവിധ ഏജൻസിയിൽനിന്ന് വിവര ശേഖരണം നടത്തുകയും അതിൽനിന്ന് രജിസ്ട്രേഷൻ ഇല്ലാത്തവരെ കണ്ടുപിടിച്ച് രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റിട്ടേൺ സ്ക്രൂട്ടിനി ഫലപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക മാനദണ്ഡ പ്രകാരം ടാക്സ് പെയേഴ്സിനെ ഓൺലൈനായി സെലക്ട് ചെയ്ത് വിശദ പരിശോധന നടത്തുന്ന രീതി നടപ്പിലാക്കി. ഇത് ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നികുതി വെട്ടിപ്പ് ഫലപ്രദമായി തടയുന്നതിനും സഹായിക്കും. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്സ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി ആഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റ് സമ്പ്രദായം ഇല്ലാതായ സാഹചര്യത്തിൽ അതിർത്തികളിലൂടെയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനും വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സി.സി.ടി.വി. ക്യാമറകൾ പ്രധാനപ്പെട്ട അതിർത്തി പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് എ.എൻ.പി.ആർ. സിസ്റ്റവുമായി ബന്ധപ്പെടുത്തി മതിയായ രേഖകൾ (ഇ-വേബിൽ) ഇല്ലാതെ കടന്നുവരുന്ന ചരക്കുവാഹനങ്ങളുടെ വിവരം ഉടൻതന്നെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ലഭ്യമാകുന്ന രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് സ്ക്വാഡുകളുടെ വാഹനങ്ങളിൽ സർവൈലൻസ് ക്യാമറകൾ സ്ഥാപിക്കുകയും ഉദ്യോഗസ്ഥർക്ക് "ബോഡിവോൺ" ക്യാമറയുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അണ്ടർ വാല്യൂവേഷൻ കേസുകൾ, ബില്ല് തുടങ്ങിയവ ജി.എസ്.ടി. പോർട്ടലിലേയ്ക്ക് അപ്‌ലോഡ് ചെയ്യൽ എന്നിവയ്ക്ക് മൊബൈൽ ആപ്ലിക്കേഷൻ സംവിധാനം നടപ്പിലാക്കി. ജി.എസ്.ടി.-യിൽ ഫയൽ ചെയ്ത വിവരങ്ങൾ അടിസ്ഥാനമാക്കി ദേശീയ തലത്തിൽ റെഡ്ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാന തലത്തിൽ റെഡ് ഫ്ലാഗ് റിപ്പോർട്ടുകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതും നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് സഹായകമാകുന്നു. ജി.എസ്.ടി.-യിൽ വ്യാജ ഇൻപുട്ട് ടാക്സ് മുഖേനയുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി സംസ്ഥാന നികുതി വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം സെക്ടർ തിരിച്ചുള്ള പരിശോധനകൾവഴിയും ഡാറ്റാ അനലിറ്റിക്സ് മുഖേന ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചും തട്ടിപ്പുകൾ തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.